**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **03-02-2026 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് യോഗ്യത പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ സർവീസിൽ ഉള്ള അദ്ധ്യാപകർക്ക് ഉൾപ്പെടെ അദ്ധ്യാപക യോഗ്യതാ പരീക്ഷ (കെ-ടെറ്റ്) നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ടെറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ച് ബഹു.സുപ്രീം കോടതിയുടെ 1385/2025 നമ്പർ സിവിൽ അപ്പീലിൽ 01.09.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് G.O(MS)No.5/2026/GEDN തീയതി : 13-01-2026 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രസ്തുത പരീക്ഷ ആരംഭിക്കുന്നതിന് മുൻപ് ജോലിയിൽ പ്രവേശിച്ചവർക്ക് അന്ന് ആവശ്യമില്ലാതിരുന്ന യോഗ്യത ഇപ്പോൾ നിർബന്ധമാക്കുന്ന പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | മേൽ സൂചിപ്പിച്ച സുപ്രീംകോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ 13.1.2026 ലെ G.O.(MS)No.5/2026/GEDN നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്. അതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ